കേരള സർക്കാർ

നം.76/2021/ധന.

ധനകാര്യ (പെൻഷൻ - എ) വകുപ്പ്
തിരുവനന്തപുരം
തീയതി : **14/09/2021**

സർക്കുലർ

വിഷയം :- പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ അറിവോ അഭിപ്രായമോ ഇല്ലാതെ ഉത്തരവ് പുറപ്പെടുവിക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നത് വിലക്കിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- (1) 07/01/2013 - ലെ സ.ഉ(അ) നം. 20/2013/ധന.
(2) 26.02.2019-ലെ സ.ഉ.(അ) നം. 22/2019/ധന.

****

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ധനകാര്യ (പെൻഷൻ-എ) വകുപ്പാണ്. എന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഭരണവകുപ്പുകൾ/വകുപ്പ് തലവന്മാർ/സ്ഥാപന മേധാവികൾ സ്വന്തം നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിനെത്തുടർന്ന് ആയത് വിലക്കിക്കൊണ്ട് സർക്കാർ സൂചന (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (2) ഉത്തരവിന് ശേഷവും പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ അറിവോ അഭിപ്രായമോ ഇല്ലാതെ ധനകാര്യ വകുപ്പിലെ വിവിധ സെക്ഷനുകൾ/ ഭരണവകുപ്പുകൾ/വകുപ്പ് തലവന്മാർ/ഓഫീസ് മേധാവികൾ/സ്ഥാപന മേധാവികൾ സ്വന്തം നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു. ഇത്തരത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച സർക്കാരിന്റെ നയമോ-സാമ്പത്തിക-നിയമ വശങ്ങളോ, പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന വിവിധ ഉത്തരവുകളോ പരിഗണിക്കാതെയും ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ അറിവോ അഭിപ്രായമോ ഇല്ലാതെയും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/നടപടിക്രമങ്ങൾ സർക്കാരിനും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്കും ഒരു പോലെ പ്രയാസം സൃഷ്ടിക്കുന്നതായി കാണുന്നു.

(2) മേൽ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിഷയങ്ങളിൽ ധനകാര്യ വകുപ്പിലെ വിവിധ സെക്ഷനുകളോ ഭരണവകുപ്പുകളോ വകുപ്പ് തലവന്മാരോ ഓഫീസ് മേധാവികളോ സ്ഥാപന മേധാവികളോ സ്വന്തം നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുകയോ തീരുമാനം കൈക്കൊള്ളുകയോ നടപടി സ്വീകരിക്കുകയോ ചെയ്യുന്നതിന് മുൻപായി പ്രസ്തുത വിഷയത്തിലുള്ള ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണെന്ന

നിർദ്ദേശം പുറപ്പെടുവിക്കുന്നു. വകുപ്പ് തലവന്മാർക്കോ ഓഫീസ് മേധാവികൾക്കോ സ്ഥാപന മേധാവികൾക്കോ ഇത്തരത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ധനകാര്യ (പെൻഷൻ-എ) വകുപ്പിന്റെ അഭിപ്രായം ആരായേണ്ടി വരുന്ന സാഹചര്യത്തിൽ പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം, ഭരണവകുപ്പ് മുഖാന്തിരം മാത്രമേ ലഭ്യമാക്കാവൂ എന്ന നിർദ്ദേശം കൂടി പുറപ്പെടുവിക്കുന്നു.

സഞ്ജയ് എം കൗൾ
ധനകാര്യ (വ്യയം) സെക്രട്ടറി

പകർപ്പ് ;

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ),തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. സ്പാർക്ക് പി.എം.യു, തിരുവനന്തപുരം
5. എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ഭരണവകുപ്പുകൾക്കും
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (**E - 1837258**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ